കേരള സർക്കാർ

നം. എസ്.എ.4/303/2019/പൊഭവ

പൊതുഭരണ (സർവീസസ്-എ) വകുപ്പ്
തീയതി, തിരുവനന്തപുരം, 02/03/2022

## നോട്ടീസ്

01.09.1999 ൽ സെക്രട്ടേറിയറ്റ് സർവ്വീസിൽ അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയിൽ ജോലിയിൽ പ്രവേശിച്ച ശ്രീ.പ്രദീപ്.വി.ടി എന്ന താങ്കൾക്ക് G.O.(Rt)6654/99/GAD, dated 07.09.1999, G.O.(Rt)941/2004/GAD, dated 10.02.2004, G.O(Rt)5884/2009/GAD, dated 22.08.2009, G.O(Rt)6666/2014/GAD എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം 08.09.1999 മുതൽ 07.09.2019 വരെ ( പരമാവധി കാലയളവായ 20 വർഷം ) കെ . എസ് . ആർ . ഭാഗം 1, Appendix XII-A പ്രകാരം വിദേശത്ത് ജോലി നോക്കുന്നതിനായി ശൂന്യവേതനാവധി അനുവദിച്ചിരുന്നു . കെ . എസ് . ആർ . ഭാഗം അനുബന്ധം XII-A ചട്ടം 6 പ്രകാരം ഒരു ഉദ്യോഗസ്ഥന് അയാളുടെ മുഴുവൻ സർവ്വീസ് കാലത്തിൽ അനുവദിക്കാവുന്ന ഏറ്റവും കൂടിയ അവധി കാലാവധി 20 വർഷം ആണ് . തുടർച്ചയായി അല്ലെങ്കിൽ ശിഥില കാലാവധികൾക്ക് മൊത്തം 20 വർഷക്കാലയളവിന് ശൂന്യവേതനാവധി അനുവദിക്കുകയും , അവധി അവസാനിച്ചയുടൻ തന്നെ ടിയാൾ ഡ്യൂട്ടിയിലേയ്ക്ക് മടങ്ങി വരികയും ചെയ്യാത്ത പക്ഷം Kerala Civil Services (CCA) Rules 1960- ലെ നടപടിക്രമങ്ങൾ പാലിച്ചതിനു ശേഷം അയാളുടെ സേവനം അവസാനിപ്പിക്കേണ്ടതാണ് എന്ന് അനുബന്ധം XII-A ചട്ടം 6- ൽ നിഷ്കർഷിച്ചിട്ടുണ്ട് . **താങ്കളുടെ** ആകെ അവധി കാലയളവ് 20 വർഷം പൂർത്തിയായതിനാലും, അവധി കാലയളവ് കഴിഞ്ഞിട്ടും ജോലിക്ക് ഹാജരാകതെ അനധികൃതമായി സർവ്വീസിൽ നിന്നും വിട്ടുനിൽക്കുന്നതിനാലും, **താങ്കൾ** ചട്ടം പ്രകാരമുള്ള രാജി അപേക്ഷ സമർപ്പിച്ചിട്ടില്ലാത്ത സാഹചര്യത്തിലും , താങ്കൾക്കെതിരെ കെ . എസ് . ആർ . ഭാഗം ഒന്ന് , അനുബന്ധം XII-A , ചട്ടം 6 പ്രകാരം അച്ചടക്ക നടപടികൾ സ്വീകരിച്ച് താങ്കളുടെ സേവനം അവസാനിപ്പിക്കാൻ തീരുമാനമെടുത്തിട്ടുണ്ട്. ഇക്കാര്യത്തിൽ എന്തെങ്കിലും ബോധിപ്പിക്കാനുണ്ടെങ്കിൽ ആയത് ലഭ്യമാക്കാനാവശ്യപ്പെട്ട് കുറ്റാരോപണ പത്രികയും കുറ്റാരോപണ മെമ്മോയും ലഭ്യമായ താങ്കളുടെ വീട്ടഡ്രസിൽ അയച്ചെങ്കിലും നാളിതുവരെ മെമ്മോ കൈപ്പറ്റിയതായുള്ള അക്നോളജ്മെന്റോ താങ്കളുടെ മെമ്മോയ്ക്കുള്ള വിശദീകരണമോ ലഭിച്ചിട്ടില്ല. ആയതിനാൽ ഈ നോട്ടീസ് പ്രസിദ്ധപ്പെടുത്തി 15 ദിവസത്തിനകം താങ്കൾക്കെതിരെ ആരോപിക്കപ്പെട്ടിട്ടുള്ള കുറ്റങ്ങൾക്കെതിരെ താങ്കളുടെ രേഖാമൂലമുള്ള വിശദീകരണം ലഭിക്കാത്ത പക്ഷം താങ്കൾക്ക് ഇക്കാര്യത്തിൽ യാതൊന്നും ബോധിപ്പിക്കാനില്ല എന്ന നിഗമനത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതായിരിക്കും. കുറ്റാരോപണ മെമ്മോയ്ക്ക് ആധാരമായ വസ്തുതകളെ സംബന്ധിച്ചുള്ള പ്രമാണങ്ങളുടെ പകർപ്പ് ആവശ്യമുണ്ടെങ്കിൽ ആയത് ലഭ്യമാക്കേണ്ട താങ്കളുടെ മേൽവിലാസം രേഖപ്പെടുത്തി, ഈ നോട്ടീസിൽ പറഞ്ഞിരിക്കുന്ന കാലാവധിക്ക് മുമ്പായി , അഡ്മിനിസ്ട്രേറ്റീവ് സെക്രട്ടേറിയേറ്റിലെ പൊതുഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയിൽ നിന്നും രേഖാമൂലം ആവശ്യപ്പെടാവുന്നതാണ്.

YamunaBR

ബി.ആർ.യമുന.

സ്പെഷ്യൽ സെക്രട്ടറി

ശ്രീ.പ്രദീപ്.വി.ടി (അസിസ്റ്റന്റ്, പൊതുഭരണ വകുപ്പ് )
ചൈതന്യ, റ്റി.സി 05/705
പത്മവിലാസം ലെയിൻ പേരൂർക്കട, തിരുവനന്തപുരം